# പതിമൂന്നാം കേരളനിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1637 02.07.2015-ൽ മറുപടിക്ക്.

## അറവു ശാലകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.കുഞ്ഞമ്മത് മാസ്റ്റർ | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
| (എ) | അനധികൃതമായി അറവു ശാലകൾ പ്രവർത്തിച്ചു വരുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിലുള്ള എത്ര അറവുശാലകൾ പ്രവർത്തിക്കുന്നതായി കണ്ടെത്തിയെന്നും, എത്രയെണ്ണം അടച്ചുപൂട്ടിയെന്നും അറിയിക്കുമോ; | (ബി) | 567 അനധികൃത അറവു ശാലകൾ ഉള്ളതായി പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. 262 അനധികൃത അറവുസ്ഥലങ്ങളുടെ നടത്തിപ്പുകാർക്കെതിരെ നോട്ടീസ് നൽകുകയും ഇതുമായി ബന്ധപ്പെട്ട 21 കേസുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) | അറവുശാലകൾ നിലവാരമുള്ളതും ശുചിത്വമുള്ളതുമാക്കി തീർക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | പഞ്ചായത്തുകളിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ അറവു ശാലകൾ സ്ഥാപിക്കുകയെന്നത് സർക്കാർ ഒരു നയമായി സ്വീകരിച്ചിട്ടുണ്ട്. ഇതിനായി ഓരോ വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തി സന്നദ്ധരായ ഗ്രാമ പഞ്ചായത്തുകൾക്ക് നൽകുന്നു. സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിന് ശുചിത്വ മിഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. അറവുശാലകൾ ശുചിത്വമുള്ളതും, നിലവാരമുള്ളതുമാക്കി മാറ്റുന്നതിന് അറവുശാലകളിലെ ജീവനക്കാർക്ക് ശാസ്ത്രീയാടിസ്ഥാനത്തിൽ അറവു നടത്തുന്നത് സംബന്ധിച്ച് മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ നഗരകാര്യ ഡയറക്ടർ മുഖേന പരിശീലന പരിപാടി നടത്തി വരുന്നുണ്ട്. നടപ്പു വർഷത്തെ സംസ്ഥാന ബജറ്റിൽ ഈ ഇനത്തിൽ നഗരസഭകൾക്ക് അനുവദിക്കുന്നതിന് **50 കോടി** രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ